## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഹരിത രാഷ്ട്രീയം

**മലയാളിക്ക്** രാഷ്ട്രീയ കാഴ്ച്ചപ്പാട് വളരെ സജീവമാണ്. എന്നാൽ ഹരിതരാഷ്ട്രീയം അത്ര പരിചിതമല്ല. ആയത് ഇനിയും ഉണ്ടായി വരേണ്ടത് ആവശ്യമാണ്. സ്വാതന്ത്ര്യാനന്തരം രാഷ്ട്രീയ പ്രവർത്തനം ത്യാഗത്തിൽ നിന്നകന്ന് ഭോഗത്തിന്റെ താവളമായി. ഇക്കണോമിക്സും പൊളിറ്റിക്സും ഐച്ഛിക വിഷയമായി പഠിച്ചവർ പോലും ഒരു സർക്കാർ ജോലിക്കായി ഓടിനടക്കുകയാണ്. രാഷ്ട്രീയ രംഗത്ത് വരാൻ പലരും മടിക്കുന്നു. അത്രക്കും മാലിന്യം നിറഞ്ഞതായി രാഷ്ട്രീയ രംഗം.

ഹരിത രാഷ്ട്രീയമെന്നു പറയുന്നത് ആ ജനുസ്സിൽപ്പെട്ട രാഷ്ട്രീയമല്ല. അത്, പ്രകൃതിയുടെ താളങ്ങളും രീതികളും അറിയാനും അനുഭവിക്കാനും അവ താളങ്ങൾ തിരിച്ചറിഞ്ഞ് തിരുത്താനും വേണ്ടിയുള്ളതാണ്. ഗ്രീൻ കെമിസ്ട്രി, ഗ്രീൻ മാജിക്ക്, ഗ്രീൻ പ്രോട്ടോക്കോൾ പോലെ മനുഷ്യകേന്ദ്രീകൃതമല്ലാത്ത പ്രകൃതി സൗഹാർദ്ദ രാഷ്ട്രീയമാണ് ഗ്രീൻപൊളിറ്റിക്സ് അഥവാ ഹരിതരാഷ്ട്രീയം. പ്രകൃതിയുടെ പക്ഷത്തുനിന്നുകൊണ്ട്, പ്രകൃതിക്കുവേണ്ടി വാദിക്കാൻ വിശേഷ ബുദ്ധിയുണ്ടെന്ന് കരുതുന്ന മനുഷ്യർ നടത്തുന്ന ഒത്തുകൂടലിന്റെയും പ്രതിരോധത്തിന്റെയും പേരാണ് ഹരിതരാഷ്ട്രീയം.

പുറംനാടുകളിൽ ഇത്തരം കൂട്ടായ്മകൾ സജീവമാണ്. ഒന്നുകിൽ ഇടത് അല്ലെങ്കിൽ വലത് എന്ന സങ്കുചിതത്വത്തെ തള്ളിക്കളഞ്ഞ് മുൻനിരയിൽ തന്നെ എന്ന നിലയിൽ ലോകത്ത് സ്വാധീനിച്ച ഗ്രീൻ പാർട്ടികൾ തന്നെയുണ്ട്.

കേരളത്തിൽ ഇതിന്റെ വിത്തുകൾ നിറയെ കാണാം. ആയത് മുളയ്ക്കുന്നതിനു വേണ്ട കരുതൽ നൽകാതിരുന്നതിനാലാണ് ഇത് സുഷുപ്തിയിലായിരുന്നത്. ഇന്നതിനെ കാലം പുറത്തെത്തിക്കുകയാണ്. കേരളത്തിൽ ഉയർന്നുവന്ന പരിസ്ഥിതി ഉണർവ്വിൽ പ്രധാനമായും മൂന്നു ധാരകൾ ഉണ്ടായിരുന്നു. അതിലൊന്ന് ഹരിതരാഷ്ട്രീയം തന്നെയായിരുന്നു. ഉദാഹരണത്തിന് സൈലന്റ്‌വാലി സമരം. ആ സമരത്തെ മിക്കവാറും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എതിർത്തിരുന്നു. മനുഷ്യകേന്ദ്രീകൃതമായ രാഷ്ട്രീയവാദങ്ങളെ പരാജയപ്പെടുത്തി മുന്നേറിയതാണ് ആ സമരം. ഇന്ത്യൻ പ്രധാനമന്ത്രിയടക്കം ഇടപെടേണ്ടി വന്ന സമരമാണിത്. എന്നിട്ടും തങ്ങൾക്ക് രാഷ്ട്രീയമില്ലെന്ന് പറയാൻ പരിസ്ഥിതി പ്രവർത്തകർ കാണിക്കുന്ന വ്യഗ്രതയുടെ പിന്നിൽ സ്വന്തം കക്ഷിരാഷ്ട്രീയ സംഘാവിഷ്കാരങ്ങൾ ചില പ്രത്യയശാസ്ത്ര വിധേയത്വങ്ങളാൽ, വിഗ്രഹവത്കരണങ്ങളാൽ, വർദ്ധിച്ച മാദ്ധ്യമശ്രദ്ധയാൽ തടയപ്പെടുകയാണുണ്ടായത്.

അധികാരം, തെരഞ്ഞെടുപ്പിൽ ഇടപെടൽ, സ്ഥാനമാനങ്ങൾ, സ്വത്ത്, ഇത്യാദികളെ അകറ്റിനിർത്തുന്ന രീതിയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഇന്നും തുടരുന്നത്. ഇത് കക്ഷി രാഷ്ട്രീയത്തിന് ഇടവരുത്തി. ഹരിതരാഷ്ട്രീയത്തിൽ ഇത്തരം രാഷ്ട്രീയായുധങ്ങളെ ധാർമ്മികാടിസ്ഥാനത്തിലായിരിക്കണം കൈകാര്യം ചെയ്യേണ്ടത്.

പാരിസ്ഥിതിക സ്വഭാവവുമായി സദൃശപ്പെട്ട നിരന്തര സമരങ്ങൾ കേരളത്തിൽ നടന്നുവരുന്നുണ്ട്. ജയപരാജയങ്ങളിലൂടെ തന്നെ. അതിൽ ഹരിതരാഷ്ട്രീയത്തിന്റെ അംശങ്ങൾ കുറവായിരുന്നു. കക്ഷി രാഷ്ട്രീയമായിരുന്നു അധികവും.

പശ്ചിമഘട്ടത്തെ രക്ഷിക്കാനുള്ള ഗാഡ്ഗിൽ റിപ്പോർട്ട് പോലും നടപ്പിലാക്കിക്കാൻ പരിസ്ഥിതിവാദികൾക്ക്-പ്രസ്ഥാനങ്ങൾക്ക് കഴിയുന്നില്ല. ഒരു ഹരിതരാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അഭാവമാണിത് കാട്ടിത്തരുന്നത്.വർഗ്ഗ രാഷ്ട്രീയവും കക്ഷിരാഷ്ട്രീയവും അരാഷ്ട്രീയവുമാണ് ഹരിതരാഷ്ട്രീയത്തിന്റെ യാത്രയിലെ തടസ്സങ്ങൾ. പ്രകൃതിയുടെ താളങ്ങൾ അറിഞ്ഞ് അനുഭവിച്ച് പ്രകൃതിയുടെ ആത്മീയത തിരിച്ചറിഞ്ഞ് വേണം ഇനി ഹരിതരാഷ്ട്രീയത്തിന്റെ ചുവടുവെപ്പ്. പ്രശ്നാധിഷ്ഠിതം മാത്രമല്ല, മൂല്യാധിഷ്ഠിതം കൂടി ഉൾക്കൊണ്ട ഹരിതരാഷ്ട്രീയം കാലം ആവശ്യപ്പെടുന്നു. അതിന്റെ ആവിഷ്കാരങ്ങളും... ■


പ്രീ പബ്ളിക്കേഷൻ ഓർഡറുകൾ സ്വീകരിക്കുന്നു...




സാമ്പ്രദായിക വികസന പരിപ്രേക്ഷ്യങ്ങളോട്
അരനൂറ്റാണ്ടുകാലമായി തുടരുന്ന

**വിസമ്മതത്തിന്റെ കാതൽ**

കെ. രാമചന്ദ്രന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾ

ഫെബ്രുവരി അവസാന വാരം പുറത്തിറങ്ങുന്നു

പ്രസിദ്ധീകരണം
ട്രാൻസിഷൻസ് സ്റ്റഡീസ് പബ്ളിക്കേഷൻസ്
റൂം നമ്പർ 101, മുൻസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്
കൊക്കാലെ, തൃശ്ശൂർ, 680021
മെയിൽ: transitionstudies@gmail.com
ഫോൺ : 8943221148, 8289881041

ട്രാൻസിഷൻ സ്റ്റഡീസ് പബ്ളിക്കേഷൻസ്



**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന
കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ
നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടി
സ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ
പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും
കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന
ഈ ഡിജിറ്റൽ ആർക്കൈവ്
സൗകര്യമൊരുക്കുന്നു.
സന്ദർശിക്കുക:
www.keraleeyammasika.com

